കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ – ഡെറാഡൂണിലെ അറവുശാല സന്ദർശിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ. (സാധാ) നം.3180/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 27/10/2015

പരാമർശം :- തിരുവനന്തപുരം നഗരസഭാ മേയറുടെ 06.08.2015 തീയതിയിലെ എച്ച്5/33809/14 (Vol.II) നംപർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയുടെ കുന്നുകുഴിയിലെ അറവുശാല നവീകരിക്കുന്നതിനാലയി Raiba Industries എന്ന ഏജൻസി പത്രിക സമർപ്പിച്ച സാഹചര്യത്തിൽ ടി എജൻസിയുടെ പ്രോജക്ടായ ഡെറാഡൂണിലെ സഹറാൻപൂരിലുള്ള അറവുശാല വിമാന മാർഗ്ഗം സന്ദർശിക്കുന്നതിന് നഗരസഭാ സെക്രട്ടറി, നഗരസഭാ എഞ്ചിനീയർ, വെറ്ററിനറി സർജൻ എന്നിവർക്ക് അനുമതി നൽകണമെന്ന് മേൽ പരാമർശ പ്രകാരം തിരുവനന്തപുരം നഗരസഭാ മേയർ അപേക്ഷിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭാ മേയറുടെ അപേക്ഷയിൽ റിപ്പോർട്ട് ചെയ്ത സാഹചര്യം പരിഗണിച്ച് ഡെറാഡൂണിലെ സഹരാൻപൂരിലുള്ള അറവുശാല സന്ദർശിക്കുന്നതിന് വിമാനമാർഗം സഞ്ചരിക്കുന്നതിന് നഗരസഭാസെക്രട്ടറി, നഗരസഭാ എഞ്ചിനീയർ, വെറ്റിനറി സർജൻ എന്നിവർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സോണിയ വാഷിംഗ്ടൺ

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ (മേയർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.